

ഒരു പ്രജ തന്റെ തലപ്പാവ് യഥാർഥ രാജാവിന്റെ പാദങ്ങളിൽ സമർപ്പിക്കുന്നതുപോലെയാണ് ബലിയുടെ അവസ്ഥ. രാജാവ് അത് തന്റെ പാദങ്ങളിൽ നിന്നെടുത്ത് പ്രജയുടെ ശിരസ്സിൽ തന്നെ അണിയിക്കുന്നു.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ-22

# അൽഹജ്ജ്

لِّيَشْهَدُوا۟ مَنَٰفِعَ لَهُمْ وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِىٓ أَيَّامٍ مَّعْلُومَٰتٍ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَٰمِ ۖ فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْبَآئِسَ ٱلْفَقِيرَ ﴿٢٨﴾

**28.** അവർക്കായി ഒരുക്കപ്പെട്ട നന്മകൾ കാണാനും അല്ലാഹു അവർക്കരുളിയ നാൽക്കാലികളെ നിശ്ചിത നാളുകളിൽ ദൈവനാമത്തിൽ ബലിയർപ്പിക്കാനും. ആ ബലിമാംസത്തിൽനിന്ന് നിങ്ങളും ഭുജിച്ചുകൊള്ളുക. ഞെരുക്കമുള്ള ആവശ്യക്കാരെ ഊട്ടുകയും ചെയ്യുക.

**28**

لِّيَشْهَدُوا۟ = അവർ കാണാൻ, സാക്ഷികളാകാൻ مَنَٰفِعَ لَهُمْ = അവർക്കുവേണ്ടിയുള്ള(ഒരുക്കപ്പെട്ട)നന്മകൾ, പ്രയോജനങ്ങൾ

وَيَذْكُرُوا۟ ٱسْمَ ٱللَّهِ = അവർ അല്ലാഹുവിന്റെ നാമം ഉരുവിടാനും(ദൈവനാമത്തിൽ ബലിയർപ്പിക്കാനും)

فِىٓ أَيَّامٍ مَّعْلُومَٰتٍ = നിശ്ചിത നാളുകളിൽ عَلَىٰ مَا رَزَقَهُم = അവൻ(അല്ലാഹു)അവർക്ക് അരുളിയ വിഭവങ്ങളിന്മേൽ

مِّنۢ بَهِيمَةِ ٱلْأَنْعَٰمِ = നാൽകാലിക(ളെ)ളിൽനിന്ന് فَكُلُوا۟ مِنْهَا = അതിൽനിന്ന് നിങ്ങൾ(ളും) ഭുജിച്ചുകൊള്ളുക

وَأَطْعِمُوا۟ = നിങ്ങൾ ഊട്ടുകയും ചെയ്യുക

ٱلْبَآئِسَ ٱلْفَقِيرَ = ആവശ്യക്കാരനായ ഞെരുക്കമുള്ളവനെ, ക്ലേശിതനെ, ദുരിതബാധിതനെ

**28.** لِّيَشْهَدُوا۟ എന്ന വാക്ക് ബന്ധിക്കുന്നത് മുൻസൂക്തത്തിലെ يَأْتُوكَ എന്ന വാക്കുമായിട്ടാണ്. അവർ സാക്ഷികളാകാൻ നിന്റെയടുക്കൽ എത്തിച്ചേരും എന്നാണാശയം. കാണുക, സാക്ഷ്യം വഹിക്കുക, ഹാജരാവുക, അനുഭവിക്കുക തുടങ്ങിയ ആശയങ്ങളുള്ള പദമായ شهادةൽ നിന്നുള്ള വർത്തമാന ക്രിയാവചനമാണ് يشهد. മേൽപറഞ്ഞ എല്ലാ അർഥങ്ങളും ഈ സന്ദർഭത്തിൽ സാധുവാകുന്നു. ഫലം, പ്രയോജനം, ഗുണം എന്നീ അർഥങ്ങളുള്ള منفعة ന്റെ ബഹുവചനമാണ് منافع. ഭൗതികമായ ലാഭങ്ങളെ ഉദ്ദേശിച്ചാണ് ഈ പദം അധികവും ഉപയോഗിക്കാറുള്ളത്. ഇവിടെ ഭൗതികവും ആത്മീയവുമായ നേട്ടങ്ങൾ ഉദ്ദേശ്യമാകുന്നു. ആത്മ ശുദ്ധീകരണവും ധാർമികവികാസവും തൽഫലമായുണ്ടാകുന്ന പാരത്രിക നേട്ടങ്ങളുമാണ് ആത്മീയമായ منافع. നാനാദേശക്കാരും ഭാഷക്കാരും വർഗക്കാരുമായ വിശ്വാസികളും വിശ്വാസിനികളും ഒരിടത്തൊത്തുകൂടുകയും, പരസ്പരം കാണുകയും പരിചയപ്പെടുകയും ഒരേ സമയം ഒരേ കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുക എന്നതും ഹജ്ജിന്റെ منافعൽ പെടുന്നു. അതുവഴി വിശ്വാസിക്ക് സ്വന്തം സമൂഹത്തിലെ വൈജാത്യങ്ങളും വൈവിധ്യമാർന്ന കഴിവുകളും മനസ്സിലാക്കാൻ കഴിയുന്നു. എല്ലാ ലോകരാജ്യങ്ങൾക്കും ജനതകൾക്കും പ്രാതിനിധ്യമുള്ള ഏറ്റവും വലിയ ആത്മീയ സമ്മേളനമാണ് ഹജ്ജ്. കറുത്തവരും വെളുത്തവരും തവിട്ടു നിറക്കാരും അടങ്ങുന്ന നാനാ ദേശക്കാരും വംശക്കാരും ഭാഷ

ക്കാരും അതിൽ പങ്കെടുക്കുന്നു. എല്ലാവരും ഒരേ വസ്ത്രമണിഞ്ഞ് ഒരേ മന്ത്രങ്ങളുരുവിട്ട് ഒരേ ചടങ്ങുകൾ അനുഷ്ഠിക്കുന്നു. ഇത് ഹജ്ജിൽ പങ്കെടുക്കുന്ന ഓരോ മുസ്‌ലിമിനെയും ആവേശഭരിതനാക്കുന്നു. അവനിൽ ഐക്യബോധവും സഹകരണവാഞ്ഛയും വളരുന്നു. വിശ്വാസവും ഭക്തിയും ദൃഢീകരിക്കുന്നു. ജീവിതം പൂർവോപരി സംസ്‌കൃതമാകുന്നു. ഹജ്ജ് സീസൺ പുരാതനകാലത്ത് അറബികളുടെ വ്യാപാര സീസൺ കൂടിയായിരുന്നു. അന്ന് പുറം ലോകത്തുനിന്ന് അറബികൾക്കാവശ്യമുള്ള എല്ലാ ചരക്കുകളും മക്കയിലേക്കു പ്രവഹിക്കുകയും മക്കയിലെ ചരക്കുകൾ പുറം ചന്തകളിലേക്ക് കയറ്റിപ്പോവുകയും ചെയ്യുമായിരുന്നു. ഇത് തദ്ദേശീയർക്കും ഹജ്ജിനെത്തുന്നവർക്കും ഒരുപോലെ ഗുണം ചെയ്തു. ഹജ്ജിന്റെ നന്മകളിൽ ഇത്തരം ഭൗതിക ലാഭങ്ങൾ കൂടി ഉൾപ്പെടുന്നു. അതു കരസ്ഥമാക്കിക്കൊള്ളാനുള്ള പ്രേരണ കൂടി ഈ വാക്യത്തിലുണ്ട്. ആത്മീയമായ അനുഷ്ഠാനങ്ങൾക്കൊപ്പം ഭൗതികമായ ലാഭങ്ങൾ കൂടി തേടുന്നത് ഹജ്ജിന്റെ പവിത്രതയെ ഹനിക്കുന്നില്ല. അക്കാര്യം ഇബ്‌റാഹീം(അ) തന്നെ വ്യക്തമാക്കിയതാണ്. ഈ ദീൻ ലോകവിരക്തിയുടെയും സന്യാസത്തിന്റെയും എല്ലാ സ്വഭാവങ്ങളിൽനിന്നും മുക്തമാണെന്നതിന്റെ സാക്ഷ്യമാണിത്. ദൈവാരാധനയിൽപോലും അത് ദീനിന്റെയും ദുൻയാവിന്റെയും- ആത്മീയതയുടെയും ഭൗതികതയുടെയും- സന്തുലിതമായ സങ്കലനം നിലനിർത്തിയിരിക്കുന്നു. അടിസ്ഥാനപരമായ ധർമം ഈ സന്തുലിതത്വം സ്ഥാപിക്കുകയാണ്. ഹജ്ജ് യാത്ര കച്ചവടയാത്രയോ രാഷ്ട്രീയ യാത്രകളോ ആയിക്കൂടാ. എന്നാൽ ഹജ്ജ് യാത്രയിൽ കച്ചവടവുമാവാം. രാഷ്ട്രീയ നയതന്ത്ര പ്രവർത്തനങ്ങളുമാവാം. ഒരാളുടെ യാത്രയുടെ യാഥാർഥ്യം നിർണയിക്കുന്നത് അയാളുടെ ഉദ്ദേശ്യമാണ്. അയാൾ നാവുകൊണ്ട് പറയുന്ന ഉദ്ദേശ്യമല്ല; അയാളെ യാത്രക്കു പ്രേരിപ്പിക്കുന്ന അടിസ്ഥാന ലക്ഷ്യം. إنما الأعمال بالنّيات "കർമങ്ങൾ ഉദ്ദേശ്യത്തെ ആശ്രയിച്ചിരിക്കുന്നു."

അല്ലാഹുവിനുവേണ്ടി മൃഗങ്ങളെ ബലിയർപ്പിക്കുക എന്ന അർഥത്തിലുള്ള പ്രയോഗമാണ് يذكر اسم الله عليه എന്നത്. 'അതിന്മേൽ അല്ലാഹുവിന്റെ നാമമുച്ചരിക്കുക' എന്നാണ് ഭാഷാർഥം. ബലി എന്ന നിലയിലല്ലാതെ ഭക്ഷ്യാവശ്യത്തിനുവേണ്ടി മൃഗങ്ങളെ കശാപ്പുചെയ്യുന്നതും ദൈവനാമമുരുവിട്ടുകൊണ്ടായിരിക്കണം. എന്നാലേ അത് ഹലാൽ-ഭക്ഷ്യയോഗ്യം- ആകൂ. بهيمة الأنعام നെ നേരത്തെ *അൽമാഇദ* ഒന്നാം സൂക്തത്തിൽ പരാമർശിച്ചിട്ടുണ്ട്. أَيَّامٍ مَّعْلُومَـٰتٍ ബലി നടത്താൻ നിശ്ചയിക്കപ്പെട്ട ദിനങ്ങളാണ്. കൃഷി, കച്ചവടം, വിവിധ തൊഴിലുകൾ എന്നീ ഭൗതിക കാര്യങ്ങൾക്കെല്ലാം അവയുടേതായ കാലവും സമയവുമുണ്ടല്ലോ. നിശ്ചിതകാലത്തും സമയത്തുമല്ലാതെ അവ ചെയ്താൽ നിഷ്ഫലമാകും. ഇതുപോലെ ഇബാദത്തുകൾക്കുമുണ്ട് അവയുടെ നാളും നേരവും സ്ഥലവുമൊക്കെ. സാധ്യമാകുന്നത്ര അതൊക്കെ പാലിച്ചുകൊണ്ടു ചെയ്യുമ്പോഴേ ഇബാദത്തുകളുടെ യഥാർഥ പുണ്യവും പ്രതിഫലവും നേടാനാകൂ. ബലിദിനങ്ങൾ അല്ലാഹുവിനാൽ നിർണയിക്കപ്പെട്ടതാണ്. ഇബ്‌റാഹീമി(അ)ന്റെ പുത്രബലിയുടെ സ്മാരകവുമാണത്. മുസ്‌ലിം ഉമ്മത്തിന്റെ സൗകര്യം പരിഗണിച്ച് അല്ലാഹുവും റസൂലും അതിൽ ഒരു പ്രത്യേക പരിധിവരെ വിശാലതയരുളിയിരിക്കുന്നു. ഈ വിശാലത ഉപയോഗപ്പെടുത്തുന്നത് ദൈവഭക്തിക്ക് വിരുദ്ധമാകുന്നില്ല. എങ്കിലും നാളുകളുടെ പരിഗണന ദീനിൽ നിർബന്ധമാകുന്നു. പ്രപഞ്ച പ്രകൃതിക്ക് തികച്ചും യോജിച്ചതുമാണത്. നിശ്ചിത ദിവസങ്ങൾ أَيَّامٍ مَّعْلُومَـٰتٍ ഏതൊക്കെയാണെന്നതിൽ ഫുഖഹാക്കൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഹനഫി-മാലിക്കി മദ്ഹബുകൾ പ്രകാരം അവ ദുൽഹജ്ജ് 10,11,12 ദിവസങ്ങളാണ്. ഹാജിമാരുടെ ഈ ബലിദിനങ്ങളിൽ തന്നെയാണ് ഹാജിമാരല്ലാത്തവർ ഉദ്ഹിയ്യത്ത് അറുക്കേണ്ടതും. ശാഫിഈ മദ്ഹബ് പ്രകാരം ദുൽഹജ്ജ് 10,11,12,13 എന്നീ നാലുദിവസങ്ങളാണ് ബലിദിനങ്ങൾ.

ജാഹിലിയ്യാ കാലത്ത് അറബികൾ ബലികർമങ്ങൾ നടത്തിയിരുന്നത് അവരുടെ ഇഷ്ട വിഗ്രഹങ്ങളുടെ പേരിലായിരുന്നു. ഈ അനാചാരത്തിന്റെ കവാടം കൊട്ടിയടച്ചുകൊണ്ടാണ് ഖുർആൻ

وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِىٓ أَيَّامٍ مَّعْلُومَـٰتٍ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَـٰمِ

എന്ന് മൃഗബലിയെ വ്യവഹരിക്കുന്നത്. അല്ലാഹുവിന്റെ നാമത്തിൽ മാത്രമേ മൃഗങ്ങളെ അറുക്കാവൂ. കാരണം നാൽക്കാലികൾ അല്ലാഹു നൽകിയ അനുഗ്രഹമാണ്. അതിനാൽ അല്ലാഹുവല്ലാത്തവരുടെ നാമത്തിൽ അവ അറുത്തുകൂടാ. അത് അല്ലാഹുവിനോടുള്ള നന്ദികേടും മൃഗങ്ങളോടുള്ള നിന്ദയുമാകുന്നു. അല്ലാഹു അരുളിയ അനുഗ്രഹത്തോട് നന്ദി പ്രകടിപ്പിക്കേണ്ടത് അവയെ അല്ലാഹുവിനുതന്നെ സമർപ്പിച്ചുകൊണ്ടാണ്. മൃഗബലി നിർദേശിച്ചത് ആ മാംസംകൊണ്ട് അല്ലാഹുവിന് എന്തെങ്കിലും ഗുണമുള്ളതുകൊണ്ടല്ല. ബലിമൃഗങ്ങളുടെ മാംസവും രക്തവുമൊന്നും അല്ലാഹു എടുക്കുന്നില്ല. നിങ്ങൾ സമർപ്പിച്ചത് നിങ്ങൾക്കുതന്നെ എടുക്കാം. സ്വയം തിന്നുകയും, ക്ലേശിതരെയും ആവശ്യക്കാരെയും തീറ്റുകയും ചെയ്യാം. أَطْعِمُوا۟ ٱلْبَآئِسَ ٱلْفَقِيرَ എന്നാണ് മൂലവാക്ക്. ക്ലേശിതനും ദുരിതബാധിതനും നിസ്സഹായനും بائس ആണ്. സ്വന്തം ജീവിതാവശ്യങ്ങൾക്ക് അന്യരുടെ ഔദാര്യം ആവശ്യമുള്ളവൻ فقير. ഈ പദങ്ങൾ പര്യായമായും ഉപയോഗിക്കാറുണ്ട്. ഇവിടെ بائس ന്റെ വിശേഷണമായിട്ടാണ് فقير വന്നിരിക്കുന്നത്. പരസഹായം ആവശ്യമുള്ള ക്ലേശിതനാവാം അതുകൊണ്ടുദ്ദേശ്യം. 36-ാം സൂക്തത്തിൽ وَأَطْعِمُوا۟ ٱلْقَانِعَ وَٱلْمُعْتَرَّ എന്നാണു പറയുന്നത്. എളിമയോടെ യാചിക്കുന്നവനാണ് قانع. ചോദിക്കുകയൊന്നും ചെയ്യാതെ ദാനസ്ഥലത്ത് മാന്യമായി പ്രത്യക്ഷപ്പെടുക മാത്രം ചെയ്യുന്നവൻ معتر ആണ്. ഇബ്നു അബ്ബാസ് പറഞ്ഞു: വസ്ത്രത്തിലും മുഖത്തും ദാരിദ്ര്യം പ്രകടമാകുന്നവനാണ് بائس. ശുചിയുള്ള വസ്ത്രവും ഐശ്വര്യം സ്ഫുരിക്കുന്ന മുഖവുമുള്ള ദരിദ്രനാണ് فقير. മൊത്തത്തിൽ പരസഹായം അർഥിക്കുന്നവരെല്ലാം ബലിമാംസത്തിന്നവകാശികളാകുന്നു. ബലിമാംസത്തിൽനിന്ന് അതിന്റെ ഉടമയോട് ഭുജിച്ചുകൊള്ളാൻ പറഞ്ഞത് ഒരു ഉപദേശമാണ്, നിർബന്ധകൽപനയല്ല. വേണമെങ്കിൽ ബലിമാംസം മുഴുവനായും അവകാശികൾക്കു വിതരണം ചെയ്യാം. പരസഹായം ആവശ്യമില്ലാത്ത സുഹൃദ് ജനങ്ങൾക്ക് സമ്മാനിക്കുകയുമാവാം. എന്നാൽ അവകാശികൾക്ക് കൊടുക്കാൻ പറഞ്ഞത് നിർബന്ധ കൽപനയാണ്. അവരുടെ സാന്നിധ്യത്തിൽ അവർക്കു കൊടുക്കാതെ മറ്റുള്ളവർക്ക് മാത്രം കൊടുക്കുന്നത് അസാധുവാകുന്നു. ഒരു പ്രജ തന്റെ തലപ്പാവ് യഥാർഥ രാജാവിന്റെ പാദങ്ങളിൽ

സമർപ്പിക്കുന്നതുപോലെയാണ് ബലിയുടെ അവസ്ഥ. രാജാവ് അത് തന്റെ പാദങ്ങളിൽ നിന്നെടുത്ത് പ്രജയുടെ ശിരസ്സിൽ തന്നെ അണിയിക്കുന്നു. വിഗ്രഹാരാധകരുടെ സങ്കൽപം അവർ നടത്തുന്ന ബലികളെല്ലാം അവരുടെ ആരാധ്യർ ആസ്വദിച്ചു സംപ്രീതരാകുന്നുവെന്നായിരുന്നു. ചില ബലികളുടെ പരിമളം അല്ലാഹുവിന് അത്യധികം പ്രിയപ്പെട്ടതാണെന്ന് യഹൂദരും കരുതിയിരുന്നു. ഈ സൂക്തത്തിലൂടെയും വരുന്ന 36-ാം സൂക്തത്തിലൂടെയും, ഖുർആൻ ഈ സങ്കൽപങ്ങളെ പൂർണമായി നിരാകരിച്ചിരിക്കുന്നു.

فَكُلُوا مِنْهَا എന്ന വാക്യത്തെ ആധാരമാക്കി, ബലിമാംസം മുഴുവൻ ബലി നടത്തുന്നവർ തന്നെ ഭക്ഷിക്കുന്നതാണെന്ന് മാലിക്കികൾ അഭിപ്രായപ്പെട്ടിരിക്കുന്നു. മൂന്നിലൊന്ന് ബലിയറുക്കുന്നവന് എടുക്കാം. ബാക്കി ദാനം ചെയ്യണമെന്നാണ് പൊതുവായ അഭിപ്രായം. അതാണ് കീഴ്‌വഴക്കവും. ബലിപെരുന്നാൾ ദിവസം പെരുന്നാൾ നമസ്കാരത്തിനു ശേഷമാണ് ഉദുഹിയ്യത്ത് അറുക്കേണ്ടത്. ബലിമാംസമോ അതിന്റെ തോലോ ബലിയുടമ വിൽക്കാൻ പാടില്ല. ദാനം ലഭിച്ചവർക്ക് അത് വിൽക്കുകയോ മറ്റുള്ളവർക്ക് ദാനമായി നൽകുകയോ ആവാം. ഒരു ബലിമാംസവും ബലിയുടമ ഒട്ടും ആഹരിക്കാൻ പാടില്ലെന്നായിരുന്നു ജാഹിലി അറബികളുടെ വിശ്വാസം. അതിനെ ഖണ്ഡിക്കുന്നതിനുവേണ്ടിയാണ് ബലിമാംസം ബലിയുടമക്കും ഭുജിക്കാം എന്ന് എടുത്തു പറഞ്ഞത്.

നിർബന്ധ ബലിയുടെ മാംസം ബലിയറുക്കുന്നയാൾ ഭക്ഷിക്കുന്നതു സംബന്ധിച്ച് ഇസ്‌ലാമിക കർമശാസ്ത്ര പണ്ഡിതന്മാർക്കു വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്. ഇമാം മാലികിന്റെ വീക്ഷണത്തിൽ നിർബന്ധ ബലിയുടെ മാംസം അയാൾ ഭക്ഷിക്കുന്നത് അനുവദനീയം മാത്രമല്ല അഭികാമ്യവുമാകുന്നു. എന്നാൽ നിരോധിച്ച വല്ല സംഗതിയും രോഗം മൂലം ചെയ്യേണ്ടിവന്നതിനുള്ള പിഴ فدية ആയും, വേട്ടയിലേർപ്പെട്ടതിന്റെ ശിക്ഷയായും പാവങ്ങൾക്ക് വിതരണം ചെയ്യാൻ നേർച്ച നേർന്നും നടത്തുന്ന ബലിയുടെ മാംസം ഉടമ ഒട്ടും ആഹരിക്കാൻ പാടുള്ളതല്ല. തമത്തുഇന്റെയും ഖിറാനിന്റെയും ബലിയിൽനിന്ന് തിന്നാം. ഇഹ്റാമിലായിരിക്കുമ്പോൾ ഹാജി സ്വയം തന്റെ മേൽ ചുമത്തിയതിനാൽ നിർബന്ധമായിത്തീർന്ന ബലിയാണ് ഹദ്‌യ. അതു ബലി നടത്തുന്നവൻ ഒരു സാഹചര്യത്തിലും തിന്നാൻ പാടില്ലെന്നാണ് ശാഫിഈ വീക്ഷണം. ബലി നടത്തുന്നവൻ സ്വന്തം ധനത്തിൽനിന്ന് ചെലവഴിക്കാൻ സ്വയം നിർബന്ധമാക്കിയത്, എങ്ങനെയാണ് അയാൾ തന്നെ തിന്നുക? ഇബ്നുൽ അറബിയും ഈ അഭിപ്രായക്കാരനാണ്. അവരുടെ ഈ ന്യായം ബാലിശമാകുന്നു. ഖുർആനിക പദങ്ങളുമായി പൊരുത്തപ്പെടുന്നതുമല്ല. അതിനു പുറമെ നബി(സ)യും സ്വഹാബത്തും ഹദ്‌യകളുടെ മാംസം ഭക്ഷിച്ചതായി സ്ഥിരപ്പെട്ടിട്ടുമുണ്ട്. ■




■ 72 വിവാഹങ്ങൾ ■ നിരാലംബർ, അഗതികൾ, വിധവകൾ
■ ശിശുക്കൾ മുതൽ വൃദ്ധർ വരെ 215 അന്തേവാസികൾ
■ അന്ധരും ബധിരരും മൂകരും ബുദ്ധിമാന്ദ്യമുള്ളവരും മറ്റു ശാരീരിക വൈകല്യങ്ങളുള്ളവരും
■ നഴ്സറി മുതൽ പിജി വരെ പഠിക്കുന്ന 80-ഓളം വിദ്യാർഥികൾ
■ മറ്റു പ്രഫഷണൽ കോഴ്സുകളിൽ പരിശീലനം നേടുന്നവർ

ഒരു കുടക്കീഴിൽ സംരക്ഷിക്കപ്പെടുന്ന കേരളത്തിലെ ഏക സ്ഥാപനം.

Cu ]p©ncn F¶pw \ne-\nA¡m³

കുടുംബസമേതം സന്ദർശിക്കൂ. മറക്കാനാവാത്ത അനുഭവം നിങ്ങൾക്ക് ലഭിക്കും




സകാത്തും സ്വദഖയും നൽകി സഹായിക്കുക

റിസീവർമാരില്ല

P.K RAHIM (DIRECTOR) PH: 9387326356

തണൽ

V.M.V ORPHANAGE
KALATHODE, P.O. OLLOOKKARA, THRISSUR-680 655.
Ph:0487- 2374754, 9387326356, 9447918745, 9349963204
www.vmvorphanage.org ■ email: info@vmvorphanage.org

A/C NO. 0720101062033
CANARA BANK, THRISSUR
IFS Code: CNRB 0000720